"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീ. ജോൺസൺ കെ - ചീഫ് എഞ്ചിനീയർ തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്

G.O.(Rt) No.2326/2020/LSGD തീയതി, തിരുവനന്തപുരം, 17/12/2020

---

പരാമർശം:- 1 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 09.09.2020-ലെ ഇ1/607/2014/സി.ഇ/തസ്വഭവ നമ്പർ കത്ത്.

2 സ. ഉ. (സാധാ) നം.2109/2020/തസ്വഭവ തീയതി 09.11.2020.

<u>ഉത്തരവ്</u>

തദ്ദേശസ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിൽ 07.09.2019 മുതൽ സേവനമനുഷ്ഠിക്കുന്ന ഏറ്റവും സീനിയറായ ശ്രീ. ജോൺസൺ. കെ. 01.09.2020 മുതൽ തസ്വഭവ ചീഫ് എഞ്ചിനീയറുടെ പൂർണ്ണ അധിക ചുമതല വഹിക്കുകയാണ് എന്നും ടിയാന് ചീഫ് എഞ്ചിനീയർ തസ്തികയിലേക്ക് താൽക്കാലിക പ്രൊമോഷൻ നൽകുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും ചീഫ് എഞ്ചിനീയർ പരാമർശം (1) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. തസ്വഭവ ചീഫ് എഞ്ചിനീയർ ശ്രീ. രാജൻ എം. വി. 31.08.2020-ന് വിരമിച്ചതിനെത്തുടർന്ന് തസ്വഭവ ചീഫ് എഞ്ചിനീയർ, കെ.എസ്.ആർ.ആർ.ഡി.എ ചീഫ് എഞ്ചിനീയർ എന്നീ തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. ചീഫ് എഞ്ചിനീയർ തസ്തികയിലേക്കുള്ള സെലക്റ്റ് ലിസ്റ്റ് നിലവിലില്ല. നിലവിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ ആരും തന്നെ ചീഫ് എഞ്ചിനീയർ തസ്തികയിലേക്കുള്ള നിർദ്ദിഷ്ട യോഗ്യത കൈവരിക്കാത്തതിനാൽ ഡി.പി.സി ചേർന്ന് കൊണ്ട് സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

ശ്രീ. ജോൺസൺ കെ., സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിൽ ഒരു വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടുണ്ട്. ടിയാനെതിരെ അച്ചടക്കനടപടികളോ വിജിലൻസ് കേസുകളോ നിലവിലില്ല. 01.09.2020 മുതൽ തസ്വഭവ ചീഫ് എഞ്ചിനീയറുടെ പൂർണ്ണ അധിക ചുമതല വഹിക്കുന്ന സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീ. ജോൺസൺ കെ., യുടെ ടി തസ്തികയിലെ പ്രൊബേഷൻ പരാമർശം (2) ഉത്തരവ് പ്രകാരം ഡിക്ലയർ ചെയ്തിട്ടുണ്ട്. 01.09.2020 മുതൽ ചീഫ് എഞ്ചിനീയർ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് വകുപ്പിന്റെ ഭരണപരമായ പ്രവർത്തനത്തെ പ്രതികൂലമായി തന്നെ ബാധിക്കുന്നുണ്ട്.

മേൽ സാഹചര്യത്തിൽ, ചീഫ് എഞ്ചിനീയർ തസ്തികയിലേക്ക് റഗുലർ പ്രൊമോഷന് പൂർണ്ണമായും യോഗ്യനായ തദ്ദേശ സ്വയംഭരണ വകുപ്പ് സീനിയർ മോസ്റ്റ് സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീ. കെ. ജോൺസന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ തസ്തികയിലേക്ക് 93,000-1,20,000/- രൂപ ശമ്പള സ്കെയിലിൽ കെ.എസ്.& എസ്.എസ്.ആർ. ഭാഗം-II ചട്ടം 31 (a) (i) പ്രകാരം താൽക്കാലിക സ്ഥാനക്കയറ്റം അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
PRINCIPAL SECRETARY

പകർപ്പ് :

1. ശ്രീ. ജോൺസൺ കെ., സൂപ്രണ്ടിംഗ് എഞ്ചിനീയർ *(തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന)*
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. ബന്ധപ്പെട്ട ജില്ലാ ട്രഷറി ഓഫീസർ/സബ് ട്രഷറി ഓഫീസർ *(തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന)*
6. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by
SREEKANTH G
Date: 2020.[illegible] 13:51:17 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്